# വെളിപ്പാടുപുസ്തകപഠനം-4

# സകല രഹസ്യങ്ങളും തന്റെ ദാസന്മാർക്ക്‌വെളിപ്പെടുത്തുന്ന ദൈവം


## പാസ്റ്റർ സി.വി. ആൻഡ്രൂസ്


## ദൈവം എന്തെല്ലാം വെളിപ്പെടുത്തുന്നു?

ആമോസ് 3:7 -ദൈവം സകല രഹസ്യങ്ങളും വെളിപ്പെടുത്തുന്നു.

യെരമ്യാവ് 33:6 സമാധാനത്തിന്റെയും സത്യത്തിന്റെയും സമൃദ്ധി വെളിപ്പെടുത്തുന്നു.

ദാനിയേൽ 2:22 അഗാധവും ഗൂഡവുമായത് വെളിപ്പെടുത്തുന്നു.

ആവർത്തനപ്പുസ്തകം 29:28 അനുസരിച്ച് നടക്കേണ്ടതിന് വെളിപ്പെടുത്തുന്നു.

1കൊരി. 2:10 ആത്മാവിനാൽ വെളിപ്പെടുത്തുന്നു.

ഗലാത്തി 1:11,12 യേശുക്രിസ്തുവിനാൽ വെളിപ്പെടുത്തുന്നു

''യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്ക് തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്യുകയില്ല'' (ആമോസ് 3:7) ആകയാൽ ഭാവിയിൽ സംഭവിപ്പിക്കുവാൻ പോകുന്ന സകല രഹസ്യങ്ങളും നമുക്കു വെളിപ്പെടുത്തി തന്നിരിക്കുന്നു. അതാണ് യേശുക്രിസ്തുവിന്റെ വെളിപ്പാട്. ''ഒരുത്തൻ പൊരുൾ തിരിച്ചു തരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും'' (അപ്പ.പ്രവൃത്തി 8:31,31) എന്ന് ഷണ്ഡൻ ഫിലിപ്പോസിനോടു ചോദിച്ച ചോദ്യം ഈ വെളിപ്പാടുപുസ്തകത്തോടുള്ള ബന്ധത്തിൽ ഏറ്റവും അർത്ഥവത്താണ്. ''യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചു വായിച്ചു നോക്കുവിൻ; അവയിൽ ഒന്നും കാണാതിരിക്കയില്ല, ഒന്നിനും ഇണയില്ലാതെ ഇരിക്കുകയുമില്ല. അവന്റെ വായല്ലോ കൽപ്പിച്ചത്. അവന്റെ ആത്മാവത്രേ അവയെ കൂട്ടിവരുത്തിയത്'' (ഏശയ്യ 34:16). ആകയാൽ ഈ വെളിപ്പാടു പുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന സംഭവങ്ങൾ നമുക്ക് വ്യാഖ്യാനിച്ചു പഠിക്കുവാൻ ദൈവം കൃപ നൽകും.

വെളിപ്പാടുപുസ്തകം, വായിക്കുമ്പോൾ മനസ്സിലാക്കുവാൻ പ്രയാസമായിത്തോന്നും. എന്നാൽ അത് വ്യാഖ്യാനിച്ചു പഠിക്കുമ്പോൾ മർമ്മങ്ങളുടെ കലവറകൾ തുറന്നുവരുന്നു. യോഹന്നാന് വെളിപ്പെട്ട ഈ വെളിപ്പാട് മുദ്രയിടരുതെന്ന് കൽപ്പിച്ചു (വെളിപ്പാട് 22:10). എന്നാൽ, ദാനിയേൽ പ്രവചനം മുദ്രയിട്ടു (ദാനിയേൽ 12:4). ഈ വചനം അന്ത്യകാലത്തേക്ക് അടച്ചും മുദ്രയിട്ടും ഇരിക്കുന്നു (ദാനിയേൽ 12:9,10). ആകയാൽ, ദാനിയേൽ പ്രവചനം അന്ത്യകാലത്തു മാത്രം തുറക്കപ്പെടേണ്ട പ്രവചനഗ്രന്ഥമാണെന്ന് നാം മനസ്സിലാക്കുന്നു. എന്നാൽ അന്ത്യകാലാരംഭത്തിൽ നൽകപ്പെട്ട വെളിപ്പാടുപുസ്തകം മുദ്രയിട്ടതുമില്ല (വെളിപ്പാട് 22:10).

ആദാം മുതൽ അബ്രഹാം വരെയുള്ള ആദിമകാലം രണ്ടായിരം വർഷവും അബ്രഹാം മുതൽ ക്രിസ്തുവരെയുള്ള മധ്യകാലം രണ്ടായിരം വർഷവും ക്രിസ്തുമുതൽ കർത്താവിന്റെ മേഘപ്രത്യക്ഷതവരെയുള്ള ഒടുവിലത്തെ കാലഘട്ടത്തെ അന്ത്യകാലമായും തിരിക്കുവാൻ കഴിയും. പെന്റക്കൊസ്റ്റുനാൾ മുതൽ അന്ത്യകാലം ആരംഭിച്ചതായി പത്രോസ് പ്രസംഗിച്ചു ''അന്ത്യകാലത്ത് ഞാൻ സകലജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും'' (അപ്പ.പ്രവൃത്തി 2:16,17). പെന്റക്കൊസ്റ്റ് ദിവസത്തിൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ അന്ത്യകാലം ആരംഭിച്ചു. ദാനിയേൽ പ്രവചനമുദ്ര പരിശുദ്ധാത്മാവ് തുറന്നിരിക്കുന്നു. വെളിപ്പാട് പുസ്തകവും നമുക്ക് മുദ്രയിടാതെ തുറന്നു തന്നിരിക്കുന്ന പുസ്തകമാണ്. നാം പരിശുദ്ധാത്മ സഹായത്തോടെ ഈ പുസ്തകം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ സ്വർഗ്ഗീയ ജ്ഞാനത്താൽ അത് മനസ്സിലാക്കുവാൻ കഴിയും.

## വേഗത്തിൽ സംഭവിക്കുവാനുള്ളത് (വെളിപ്പാട് 1:1)

'വേഗത്തിൽ സംഭവിക്കാനുള്ളത്' എന്ന പദം വെളിപ്പാട് 2:16, 3:11, 11:14, 22:6,7,12,20 എന്നീ വാക്യങ്ങളിൽ കാണാം. വേഗത്തിൽ എന്നുവച്ചാൽ ആസന്നഭാവിയിൽ എന്നർത്ഥം. ദൈവം തീരുമാനിച്ചിരിക്കുന്ന കാര്യങ്ങൾ എത്രയും വേഗം തീർച്ചയായും സംഭവിക്കുമെന്ന് അർത്ഥം. ''നമ്മുടെ ദൈവത്തിന് ഭൂമിയിലെ ആയിരം സംവത്സരം ഒരുദിവസം പോലെയാണ്'' (2പത്രൊസ് 3:8). അവൻ ഏതു നിമിഷവും വരുമെന്നുള്ളതിനാൽ നാം ഉണർന്നിരിക്കുവാൻ ഓർമിപ്പിക്കുന്നു. ഈ പുസ്തകം എഴുതിയതിന്റെ പ്രധാന ഉദ്ദേശ്യം വേഗത്തിൽ സംഭവിക്കുവാനുള്ളത് തന്റെ ദാസന്മാരെ കാണിക്കുക എന്നുള്ളതാണ്.

''ഞാൻ വേഗത്തിൽ വരുന്നു'' എന്ന് വെളിപ്പാട് 22-ാം അധ്യായത്തിൽ കർത്താവ് മൂന്നുപ്രാവശ്യം പറഞ്ഞിരിക്കുന്നു. ഈ പ്രയോഗം കർത്താവിന്റെ വരവ് താമസിക്കുകയില്ലെന്നും നിശ്ചയമായി വരുമെന്നുമുള്ള രണ്ട് കാര്യങ്ങളെ കാണിക്കുന്നു. ഞാൻ വേഗത്തിൽ വരുന്നുവെന്ന് പറഞ്ഞിട്ട് ഇപ്പോൾ രണ്ടായിരം വർഷം കഴിഞ്ഞിട്ടും കർത്താവ് വന്നില്ലല്ലോ എന്ന് ചിന്തിക്കാം. എന്നാൽ അതിന്റെ കാലദൈർഘ്യം നിശ്ചയിച്ചിരിക്കുന്നത് നമ്മുടെ കർത്താവാണ്. കർത്താവ് ഇതു പറഞ്ഞിട്ട് എന്തിനു പോയിരിക്കുന്നുവെന്നും നമ്മുടെ യേശുവിന്റെ ഉദ്ദേശ്യം എന്താണെന്നും അനുസരിച്ചാണ് അതിന്റെ കാലദൈർഘ്യം. ക്രിസ്തുപോയിരിക്കുന്നത് സഭയ്ക്കുവേണ്ടിയുള്ള പൗരോഹിത്യ വേലയ്ക്കായിട്ടാണ്. അത് അവിടുന്ന് ഇന്നും ചെയ്തുകൊണ്ടിരിക്കുന്നു. ''ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിക്കുവാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ'' (2പത്രോസ് 3:9). തന്റെ രക്ഷിതഗണം മുഴുവൻ മാനസാന്തരപ്പെട്ടു ചേർക്കപ്പെടേണം. ''ജാതികളുടെ പൂർണ്ണ സംഖ്യ ചേരുവോളം ഇസ്രായേലിന് അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു'' (റോമ 11:25). ആ സംഖ്യ തികയുന്നതുവരെ ഈ ദീർഘക്ഷമ ഉണ്ടായിരിക്കും.

''കർത്താവിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു'' (2പത്രൊസ് 3:8) എന്നു വായിക്കുന്നു. ഇതാണ് കർത്താവിന്റെ ഗണനകാലം. ''ആയിരം സംവത്സരം നിന്റെ ദൃഷ്ടിയിൽ ഇന്നലെ

കഴിഞ്ഞുപോയ ദിവസം പോലെയും രാത്രിയിലെ ഒരു യാമം പോലെയും ഇരിക്കുന്നു'' (സങ്കീർത്തനം 90:4). ആയിരം ആണ്ട് ഒരു ദിവസം പോലെ ആണെങ്കിൽ വേഗം വരുന്നു എന്നു പറഞ്ഞിട്ട് രണ്ടു ദിവസമേ ആയിട്ടുള്ളൂ. ഒരു ദിവസം നാലു യാമമാണ്. അങ്ങനെയെങ്കിൽ ആയിരം സംവത്സരം ഒരു യാമം പോലെയെങ്കിൽ കാൽ ദിവസം അഥവാ ആറു മണിക്കൂർ തികഞ്ഞിട്ടില്ല. നമുക്ക് പകൽ യാമവും രാത്രി യാമവും സമയദൈർഘ്യത്തിൽ ഒന്നാണെങ്കിലും അനുഭവത്തിൽ നമുക്കിത് വ്യത്യസ്തമാണ്. നാം രാത്രിയിൽ ഉറങ്ങുന്നു, ഉറക്കം കഴിഞ്ഞപ്പോൾ യാമങ്ങൾ കടന്നുപോയി. അങ്ങനെയെങ്കിൽ കർത്താവ് വേഗം വരുന്നുവെന്ന് പറഞ്ഞുപോയിട്ട് കണ്ണടച്ചു തുറക്കുന്ന സമയം ആയിട്ടില്ലെന്നു സാരം. നമ്മുടെ യേശു എത്രയും വേഗം വരും. ഇനിയും എത്രസംവത്സരങ്ങൾ കഴിഞ്ഞാലും നമ്മുടെ കർത്താവിന്റെ പ്രസ്താവനയ്ക്ക് യാതൊരു മാറ്റവും വരില്ല.

## തന്റെ ദാസന്മാരെ കാണിക്കുക (1:1)

തന്റെ ദാസന്മാരെ ഇതു കാണിച്ചുകൊടുത്തതിനാൽ അവർക്ക് കൂടുതലായി പ്രത്യാശിക്കുവാനും ഉറയ്ക്കുവാനും ഇടയാകുന്നു. കേൾക്കുന്ന കാര്യങ്ങളേക്കാൾ നേരിട്ടുകാണുമ്പോൾ ഈ ഉറപ്പ് വർദ്ധിക്കുവാൻ ഇടയാകുന്നു. അതുകൊണ്ട് ഈ ഭാവികാര്യങ്ങൾ കാണിച്ചുകൊടുത്തു. പഴയനിയമ പ്രവാചകന്മാർക്ക് പല വിഷയങ്ങൾ കാണിച്ചുകൊടുത്തതിനാൽ അവർക്ക് ദൈവസന്നിധിയിൽ കൂടുതൽ ഉറച്ചുനിൽക്കുവാൻ ഇടയായി. ''യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്ക് തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ല'' (ആമോസ് 3:7).

## യഹോവയുടെ ദാസൻ എന്നു വിളിക്കപ്പെട്ട ചിലർ

ഉൽപ്പത്തി 26:24 അബ്രഹാമിനെ

യെശയ്യാവ് 45:4, 44:1 യാക്കോബിനെ

സങ്കീർത്തനം 114:10 ദാവീദിനെ

സംഖ്യ 14:24 കാലേബിനെ

യോശുവ 24:29 യോശുവയെ

2 രാജാക്കന്മാർ 10:10 ഏലിയാവിനെ

ഇയ്യോബ് 1:8, 42:7 ഇയ്യോബിനെ

യാക്കോബ് 1:1 യാക്കോബിനെ

യൂദാ 1 യൂദായെ

ഫിലിപ്പിയർ 1:1, തീത്തോസ് 1:3 പൗലോസിനെ

## ദാസന്മാർക്ക് ദൈവം ചെയ്യുന്നവ

സങ്കീർത്തനം 135:14 ദൈവം ദാസന്മാരോടു സഹതപിക്കുന്നു

ദാനിയേൽ 3:26, 6:20 ദൈവം തന്റെ ദാസന്മാരെ ലോകത്തിനു മനസ്സിലാക്കിക്കൊടുക്കുന്നു

യോവേൽ 2:29 ദാസന്മാരുടെമേൽ ആത്മാവിനെ പകരുന്നു

അപ്പൊസ്തൊല പ്രവൃത്തി 16:17 പിശാചിനെക്കൊൺടു പറയിപ്പിക്കുന്നു

റോമ 6:22 വിശുദ്ധീകരണവും നിത്യജീവനും നൽകുന്നു

## ദാസന്മാർ ചെയ്യേൺടവ

എഫേസോസ് 6:6 ദൈവേഷ്ടം മനസ്സോടെ ചെയ്ത് കർത്താവിനെ സ്നേഹിച്ച് അനുസരിക്കണം.

തീത്തോസ് 2:9 വിശ്വാസ്തരായിരിക്കണം

1പത്രോസ് 2:16 സ്വാതന്ത്ര്യം ദുഷ്ടതയ്ക്ക് മറയാക്കാതെ നടക്കണം.

വെളിപ്പാട് 22:3 അവനെ ആരാധിക്കണം

മലാക്കി 1:6 ബഹുമാനിക്കണം

1 കൊരിന്ത്യർ 7:21 വ്യസനിക്കരുത്

''നമ്മൾ പാപത്തിന്റെ ദാസന്മാരും'' (റോമ 6:17) ''ന്യായപ്രമാണത്തിന്റെ ദാസന്മാരും'' (റോമ 6:15) ''മിസ്രയേമിൽ അടിമകളും'' (ആവർത്തനം 5:15) ആയിരുന്നു. ഇപ്പോൾ ''നീതിക്കു ദാസന്മാരും'' (റോമ 6:18) ദൈവത്തിന്റെ ദാസന്മാരും ആകുന്നു. കർതൃദാസന്മാരായി അവന്നുവേൺടി അധ്വാനിക്കുന്നവർക്കു ഈ ലോകത്തിൽ കഷ്ടങ്ങളും പോരാട്ടങ്ങളുമുൺട്. അതുകൊൺട് അവരെ അധികം ഉറപ്പിച്ചുനിർത്തുവാൻ ഈ വെളിപ്പാട് കാണച്ചുതന്നിരിക്കുന്നു.

വേഗത്തിൽ സംഭവിക്കുവാനുള്ളത് കാണിക്കേൺടത് ദൈവം അത് പുത്രനു കൊടുത്തു. ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന സകല സംഭവങ്ങളും കാണിച്ചു.

## ദൈവം എന്തെല്ലാം കാണിക്കുന്നു?

തന്റെ രക്ഷയെ കാണിക്കുന്നു (സങ്കീർത്തനം 50:23)

നീതികേടില്ലെന്നു കാണിക്കുന്നു (സങ്കീർത്തനം 92:15)

തന്റെ വൻ പ്രവൃത്തികൾ കാണിക്കും (യാക്കോബ് 5:20)

നമ്മൾ നമ്മുടെ വിശ്വാസം പ്രവൃത്തിയാൽ കാണിക്കണം (യാക്കോബ് 2:18)

ഇപ്പോൾ ഈ വെളിപ്പാടുപുസ്തകത്തോടുള്ള ബന്ധത്തിൽ ഭാവയിൽ സംഭവിക്കുവാൻ പോകുന്ന സകല രഹസ്യങ്ങളും സകല സംഭവങ്ങളും തന്റെ ദാസന്മാരായ നമ്മെ അറിയിച്ചിരിക്കുന്നു. അവന്റെ നാമം എന്നെന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ദൈവത്തിന് നമ്മോടുള്ള സ്നേഹവും വിചാരവും എത്ര വലിയത്! ഈ കാണിച്ചുതന്ന വെളിപ്പാടുകൾ മനസ്സിലാക്കുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.